"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഈസ് ഓഫ് ലിവിങ് (Ease of Living) സർവ്വേ സംസ്ഥാനത്ത് നടത്തുന്നതിന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനെ ചുമതലപ്പെടുത്തികൊണ്ടും മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

**സ.ഉ.(കൈ) നം.188/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 18/12/2020

പരാമർശം:- 1. കേന്ദ്ര ഗ്രാമവികസന വകുപ്പ് സെക്രട്ടറിയുടെ 09.01.2020-ലെ ഡി.ഒ # ക്യു-16014/01/2019/എ.ഐ (ആർ.ഡി) നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 31.01.2020-ലെ 729/പിഎം.6/ 2020/സി.ആർ.ഡി നമ്പർ കത്ത്.

3. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 21.06.2020-ലെ ഡി.ഇ.എസ്/511/2020-പിഎൽ(1) നമ്പർ കത്ത്.

**ഉത്തരവ്**

സോഷ്യോ ഇക്കണോമിക് കാസ്റ്റ് സെൻസസ്-2011 (SECC-2011) പ്രകാരം ഇന്ത്യയിലെ 17.97 കോടി ഗ്രാമീണ കുടുംബങ്ങളിൽ ഏകദേശം 8.87 കോടിയോളം കുടുംബങ്ങൾ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കാവസ്ഥയിലാണ് (Deprived Households). ഇത്തരം കുടുംബങ്ങളുടെ നിലവിലത്തെ ക്ഷേമാവസ്ഥ പഠിക്കുന്നതിന് ഗ്രാമവികസന മന്ത്രാലയം ദേശവ്യാപകമായി നടത്തിവരുന്ന വിവരശേഖരണമാണ് 'ഈസ് ഓഫ് ലിവിങ് സർവ്വേ' .

2. 2011 ലെ സോഷ്യോ ഇക്കണോമിക് കാസ്റ്റ് സെൻസസ് പ്രകാരം കേരളത്തിൽ ഏകദേശം 14.17 ലക്ഷം ഗ്രാമീണ കുടുംബങ്ങൾ സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥയിലാണ്. പിന്നോക്കാവസ്ഥയിലുള്ള ഇത്തരം കുടുംബങ്ങളിൽ നേരിട്ട് ചെന്ന് നിലവിലെ സ്ഥിതി അളക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ചോദ്യാവലിയിലൂടെ (ആകെ 38 ചോദ്യങ്ങൾ) വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ മുൻ നിശ്ചയിച്ചിട്ടുള്ള കുടുംബങ്ങളിൽ നിന്നും ആ കുടുംബത്തിന് ഗ്യാസ് കണക്ഷൻ, വൈദ്യുതി കണക്ഷൻ, LED ബൾബ്, ബാങ്ക് അക്കൗണ്ട്, ഇൻഷുറൻസ് മുതലായ സൗകര്യങ്ങൾ ഉണ്ടോ എന്നും സർക്കാരിന്റെ ഭവനനിർമ്മാണം, ആരോഗ്യം, ക്ഷേമ പെൻഷനുകൾ, തൊഴിലുറപ്പ് പോലുള്ള വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നിങ്ങനെയുള്ള വിവിധ വിവരങ്ങളാണ് ശേഖരിക്കേണ്ടത്. സർവേയ്ക്കായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷൻ മുഖേന വിവരശേഖരണം നടത്തേണ്ടത്. ഇത്തരത്തിൽ ശേഖരിക്കുന്ന ഡാറ്റ, കേന്ദ്ര സർക്കാർ ഈ സർവ്വേയ്ക്കായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള വെബ് പോർട്ടലിലേക്കാണ് അപ്‌ലോഡ് ചെയ്യപ്പെടുന്നത്.

3. 2019 ഡിസംബർ 20 മുതൽ 2020 ഏപ്രിൽ 20 വരെയാണ് സർവേയുടെ വിവരശേഖരണ കാലാവധിയായി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിശ്ചയിച്ചിരുന്നത്. എന്നാൽ കോവിഡ്-19 രോഗ വ്യാപനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർവേ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഈസ് ഓഫ് ലിവിങ് സർവ്വേ കേരളത്തിൽ നടത്തുന്നതിനായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനെ ചുമതലപ്പെടുത്തികൊണ്ടും ചുവടെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു.

1) കേരളത്തിലെ ഈസ് ഓഫ് ലിവിങ് സർവ്വേ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസർമാരായി (സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ, ഗ്രാമവികസന കമ്മിഷണർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

2) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ജില്ലാ നോഡൽ

ഓഫീസറുടെ ചുമതല നൽകി സർവേയുടെ ജില്ലാതല ഏകോപനവും മേൽനോട്ടവും നിർവഹിക്കേണ്ടതാണ്.

3) ബ്ലോക്ക് - ഗ്രാമപഞ്ചായത്ത് തലത്തിൽ സർവേ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിംഗ് & മോണിറ്ററിംഗ്) നിർവ്വഹിക്കേണ്ടതും, സർവ്വേയുടെ ഫീൽഡ് ജോലികൾക്കും, മൊബൈൽ ആപ്ലിക്കേഷനിൽ ഡാറ്റാ അപ് ലോഡ് ചെയ്യുന്നതിനും വകുപ്പിലെ ഇൻവെസ്റ്റിഗേറ്റർമാർക്ക് ചുമതല നൽകേണ്ടതുമാണ്.

4) സർവേയ്ക്കായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷൻ മുഖേന വിവരശേഖരണം നടത്തേണ്ടതും, ഓരോ കുടുംബങ്ങളിൽ നിന്നും ശേഖരിക്കുന്ന ഡാറ്റ പ്രിന്റ് എടുത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

5) ഈസ് ഓഫ് ലിവിങ്ങ് സർവേയ്ക്ക് തദ്ദേശ സ്വയംഭരണം, പ്ലാനിംഗ് വകുപ്പുകളുടെ സഹകരണം ബന്ധപ്പെട്ട വകുപ്പ് തലവൻമാർ ഉറപ്പ് വരുത്തേണ്ടതാണ്.

## സർവ്വേ നടത്തിപ്പിനായി കമ്മിറ്റികൾ രൂപീകരിക്കൽ

സർവ്വേയുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാനതലത്തിൽ ഏകോപനങ്ങൾക്കും മേൽനോട്ടങ്ങൾക്കുമായി സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായി, പ്ലാനിംഗ് ബോർഡ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മിഷണർ എന്നിവരടങ്ങിയ സംസ്ഥാന ഗവേർണിംഗ് കമ്മറ്റിയും, ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവരടങ്ങിയ ജില്ലാതല ഗവേണിംഗ് കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്.

## പരിശീലനം

സർവ്വേ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനതല ഉദ്യോഗസ്ഥർക്കും, ജില്ലാതല ഉദ്യോഗസ്ഥർക്കും ഒരു ദിവസത്തെ സംസ്ഥാനതല പരിശീലന പരിപാടി സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത പരിപാടിയിൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ മേൽനോട്ടം വഹിക്കുന്ന സംസ്ഥാനതല ഉദ്യോഗസ്ഥർ ജില്ലാ തലത്തിൽ മേൽനോട്ട ചുമതല വഹിക്കുന്ന ജില്ലാതല ഉദ്യോഗസ്ഥർ ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്. കൂടാതെ ജില്ലാതലത്തിൽ ഫീൽഡ്തല ഉദ്യോഗസ്ഥർക്കും, ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (പ്ലാനിംഗ് & മോണിറ്ററിംഗ്) മാർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

## ഓണറേറിയം

സർവ്വേയുമായി ബന്ധപ്പെട്ട് ഫീൽഡ് ജോലികൾ ചെയ്യുന്ന വകുപ്പിലെ ഇൻവെസ്റ്റിഗേറ്റർമാർക്ക് ഓണറേറിയം നൽകേണ്ടതുണ്ട്. ഫീൽഡ് ജോലികൾ ചെയ്യുന്ന ഒരാൾക്ക് ഒരു ദിവസം ഓണറേറിയമായി 220/- രൂപയും യാത്ര, ഭക്ഷണ ചെലവ് എന്നിവയ്ക്കായി 110/- രൂപയും അനുവദിച്ചിട്ടുണ്ട്. ഒരു ദിവസം 20 വീട്ടുകൾ കണക്കാക്കി ആകെ 17 ദിവസം ഒരു ഗ്രാമപഞ്ചായത്തിന് 2 ഉദ്യോഗസ്ഥർ വീതം ഓണറേറിയം കണക്കാക്കുന്നതിന് ഈസ് ഓഫ് ലിവിങ്ങ് സർവേയുടെ മാർഗ്ഗനിർദ്ദേശത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

## സർവ്വേ നടത്തിപ്പിനാവശ്യമായ തുക

സർവ്വേ നടത്തിപ്പിനാവശ്യമായ ചിലവ് സംസ്ഥാനത്തിന്റെ NRLM Fund, MGNREGS Admin Fund എന്നിവയിലേതെങ്കിലും നിന്ന് നിർവഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്:ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/ സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും ( സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ&പിആർഡി
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.12.[illegible] 20:11:56 IST
Reason: Approved

സെക്ഷൻ ഓഫീസർ